അനുഭവം



# കോടമഞ്ഞും നറുനിലാവും

**ഏറെ മനുഷ്യസ്പർശമേൽക്കാത്ത കുടജാദ്രിയിലെ മലനിരകളിൽ പൗർണ്ണമി നിലാവിലലിഞ്ഞ രാത്രിയുടെ അനുഭൂതി പങ്കുവയ്ക്കുന്നു**

**എസ്. നാരായണൻ**

**സാധാരണയായി** ആളുകൾ താഴോട്ടിറങ്ങുന്ന സമയത്താണ് ഞങ്ങൾ കുടജാദ്രിയിലേക്ക് കയറുവാൻ തുടങ്ങിയത്. കുടജാദ്രിയിലേക്കുള്ള നടത്തം ആരംഭിക്കുന്നിടത്ത് ബസ്സിറങ്ങുമ്പോൾ തന്നെ സമയം അഞ്ചു കഴിഞ്ഞിരുന്നു. ഒരാളൊഴികെ ഞങ്ങളിൽ മൂന്നു പേരും അവിടെ പലപ്പോഴായി പോയിട്ടുള്ളവരാണ്. അഞ്ചു വർഷങ്ങൾക്കു ശേഷമാണ് ഇപ്പോഴത്തെ യാത്ര. മറ്റ് ഏത് വനപ്രദേശത്ത് പ്രവേശിക്കുന്നതിനേക്കാളും പ്രത്യേക തരത്തിലുള്ള ഉണർവും ഉത്സാഹവും കുടജാദ്രി മലനിരകളിൽ നിന്നും കിട്ടിയിരുന്നു. യാത്രയുടെ ആരംഭത്തിൽ കണ്ട ചില ദൃശ്യങ്ങൾ, പക്ഷേ, ഞങ്ങളിൽ മ്ലാനത സൃഷ്ടിക്കുകയാണ് ഉണ്ടായത്.

വനപ്രദേശത്ത് പ്രവേശിച്ച് കുറച്ചു കഴിഞ്ഞപ്പോഴേക്കും ഇരുവശത്തും ധാരാളം വൃക്ഷങ്ങൾ മുറിച്ചിട്ടിരിക്കുന്നതു കണ്ടു. കൃത്യമായ അളവിൽ മുറിച്ചെടുത്ത തടിക്കഷണങ്ങൾ അവിടമാകെ ചിതറിക്കിടക്കുന്നു. വ്യാപകമായ നിലയിൽ വനനശീകരണം നടക്കുന്നുണ്ടെന്ന് വ്യക്തമാക്കുന്നതായിരുന്നു ആ കാഴ്ചകൾ. മിക്കവാറും സ്ഥലങ്ങളിൽ മുള്ളുവേലിയും കമ്പിവേലിയും വന്നു കഴിഞ്ഞു. ഭൂമി കൈയേറ്റം കാര്യമായി നടക്കുന്നുണ്ട്. ആദ്യയാത്രകളിൽ കാണാതിരുന്ന കുറച്ചു വീടുകളും കണ്ടു. ഇലക്ട്രിക് ലൈൻ സർവസാധാരണമായി. നടപ്പാതയിൽ നിന്നും പിരിഞ്ഞു പോകുന്ന വീതിയേറിയ റോഡിനു സമീപം 'ഇക്കോ വില്ലേജ്' എന്നു ബോർഡു വെച്ചിരിക്കുന്നു. കുടജാദ്രി യാത്രികർക്ക് സുപരിചിതനായ തങ്കപ്പേട്ടൻ പറഞ്ഞത് ആ സ്ഥലം ആശ്രമത്തിന്റെ ആൾക്കാർ വാങ്ങിച്ചെന്നും അവിടെ ഏതോ സ്ഥാപനം വരാൻ പോകുന്നെന്നുമാണ്. കുടജാദ്രിയിലേക്കുള്ള വഴി മദ്ധ്യേ വനത്തിൽ വീടു വെച്ച് കുടുംബത്തോടെ താമസിക്കുകയും വീടിനോട് ചേർന്ന് ചായക്കട നടത്തുകയുമാണ് തങ്കപ്പേട്ടൻ. ദശാബ്ദങ്ങളായി കുടജാദ്രി യാത്രികർക്ക് ആശ്രയവും അഭയവുമാണ് അദ്ദേഹം. കേരളത്തിൽ നിന്നും വന്ന് കുടജാദ്രിയുടെ താഴെ വനമദ്ധ്യത്തിൽ വീടുവെച്ച് താമസിച്ചതിന്റെയും കൃഷി ചെയ്തതിന്റെയും പശുവിനെ വളർത്തിയതിന്റെയുമൊക്കെ കഥകൾ അദ്ദേഹം പറയാറുണ്ട്. അവിടെ വന്നു പോകുന്ന കലാകാരന്മാരെപ്പറ്റിയും സംന്യാസിമാരെപ്പറ്റിയും ഒരുപാട് കഥകൾ കേൾക്കാറുള്ള ആ വീട്ടിൽ നിന്നും ഇപ്പോൾ തങ്കപ്പേട്ടന്റെ ശബ്ദത്തേക്കാൾ ഉച്ചത്തിൽ കേൾക്കുന്നത് ടീവിയിലെ സീരിയലിൽ നിന്നുള്ള സംഭാഷണങ്ങളാണ്.

വനനശീകരണവും ഭൂമികൈയേറ്റവും കുടജാദ്രി മലനിരകളുടെ അടിവാരത്തു വരെ എത്തിക്കഴിഞ്ഞു. അവിടെ ഏതെങ്കിലും തരത്തിലുള്ള ധാതു സമ്പത്ത് ഇല്ലാതിരിക്കട്ടെ! തുരപ്പന്റെ സ്വഭാവമുള്ള യെദിയൂരപ്പ എന്ന ബിജെപി നേതാവ് ഖനി തുരക്കുന്നതിൽ കാണിച്ച അഴിമതിയെത്തുടർന്ന് കർണാടക മുഖ്യമന്ത്രിസ്ഥാനം രാജി വെക്കേണ്ടി വന്നത് മറക്കാറായിട്ടി

ല്ല. ബെല്ലാരി സഹോദരന്മാർ ഉൾപ്പെട്ട ഖനിമാഫിയ അധികാരസ്ഥാനം കൈയാളുന്ന സംസ്ഥാനത്ത് കുടജാദ്രിയെ ചൊല്ലിയുള്ള വേവലാതി അസ്ഥാനത്തല്ല.

അധികം മനുഷ്യസ്പർശമേൽക്കാത്ത മലനിരകളിലേക്കു പ്രവേശിച്ചപ്പോൾ എല്ലാ വേവലാതികളും താനേ മാഞ്ഞുപോയി. പൂർണനിലാവുള്ള ദിവസമായിരുന്നു. വഴിയിലുടനീളം പ്രകാശം തൂകിക്കൊണ്ട് ചന്ദ്രൻ തലക്കുമുകളിൽ തിളങ്ങി നിന്നു. പകൽ വെളിച്ചത്തിൽ മാത്രം മുമ്പു കണ്ടിട്ടുള്ള മലനിരകളുടെയും പുൽമേടുകളുടെയും കാഴ്ച നിലാവിന്റെ വെളിച്ചത്തിൽ മറ്റൊരനുഭൂതിയാണ് പകർന്നു തന്നത്. അതിശയകരമായ സൗന്ദര്യമുള്ള കുടജാദ്രിയുടെ ഭൂപ്രകൃതി പൂർണചന്ദ്രന്റെ പൂർണ്ണ മന്ദഹാസത്തിന് കീഴിൽ കൺനിറയെ കാണാൻ കഴിഞ്ഞു. ആ സൗന്ദര്യപൂരത്തിൽ നിന്നും വിട്ടുപോരാൻ തോന്നാതെ, നിലാവ് നുകർന്ന് ആലസ്യത്തിലാണ്ടു കിടക്കുന്ന പുൽമൈതാനങ്ങളിൽ ഇരുന്നും കിടന്നും സമയം ചെലവഴിച്ചു. പുൽപ്പരപ്പിൽ നിലാവിൽ മലർന്നു കിടക്കുന്ന രാജീവിനോട് ഗിരീഷ് പറഞ്ഞു, "രാജവെമ്പാലയുള്ള സ്ഥലമാണ്." ഉടൻ വന്നു രാജീവിന്റെ മറുപടി, "ഇവിടത്തെ രാജവെമ്പാലക്ക് വിഷമുണ്ടാകാൻ സാദ്ധ്യതയില്ല. നിലാവ് കുടിച്ച് മത്തരായ അവയുടെ വിഷസഞ്ചി നിറയെ നിലാവായിരിക്കും. അതിന്റെ ദംശനം ലഭിക്കുന്നത് ഭാഗ്യമാണ്. എന്റെ ഞരമ്പുകളിലൂടെ നിലാവ് പടർന്നൊഴുകട്ടെ." പതിനഞ്ചു ദിവസം കഴിഞ്ഞാൽ ഇവിടെയും അമാവാസിയാണെന്നു പറഞ്ഞ് അയാളുടെ ആവേശം തണുപ്പിക്കാൻ തോന്നിയില്ല.

വസന്തപൗർണമിയുടെ നിലാവു നിറഞ്ഞ രാത്രിയിൽ ജനവിഹീനമായ മലകളിലെയും വനങ്ങളിലെയും വഴികളിൽക്കൂടി ഒറ്റക്ക് സഞ്ചരിക്കുന്ന ബിഭൂതിഭൂഷൻ ബാന്ദോപാദ്ധ്യായയുടെ 'ആരണ്യക'ത്തിലെ നായകനെ ഓർമ വന്ന രാജീവ് തന്റെ സഞ്ചിയിൽ നിന്നും പുസ്തകമെടുത്ത് ഉറക്കെ വായിക്കാൻ തുടങ്ങി:

"നാലു വശത്തും എന്തൊരു ഭയാനകമായ ഏകാന്തത! പകൽ സമയത്തെ ദൃശ്യം ഒന്നു വേറെയായിരുന്നു. നിലാവുദിച്ചതോടെ ഏതോ ഒരു അജ്ഞാതവും അത്ഭുതസൗന്ദര്യമുള്ളതുമായ അപ്സരസ്സുകളുടെ സാങ്കൽപിക രാജ്യത്തിൽ കൂടിയാണ് യാത്ര ചെയ്യുന്നതെന്ന് തോന്നി. കൂടെ പുലികളെപ്പറ്റിയുള്ള ഭയവും മനസിൽ കടന്നു കൂടി. ചുറ്റുമുള്ള സൗന്ദര്യം ഭയത്തിന്റെ അനുഭൂതി കാരണം കൂടിവരികയാണോ എന്നു തോന്നി. നിലാവ് നല്ലപോലെ തെളിഞ്ഞു. വൃക്ഷങ്ങളുടെ നിഴലുകൾ ചെറുതായി വന്നു. ഏതോ ഒരു വനപുഷ്പത്തിന്റെ സുഗന്ധം നിലാവിന്റെ ശുഭ്രത അണിഞ്ഞ പ്രദേശങ്ങളിൽ നിറഞ്ഞ് നിൽക്കുന്നു. വളരെ വളരെ അകലെ സന്താളന്മാർ അടുത്ത കൃഷിക്കു വേണ്ടി കൃഷിസ്ഥലത്ത് തീ ഇട്ടിരുന്നു. അതൊരു പ്രത്യേക അഭിനവദൃശ്യം തന്നെ ആയിരുന്നു. മലയെ വെളിച്ചത്തിന്റെ മാല ആരോ അണിയിച്ച് അലങ്കരിച്ചിരിക്കുന്ന പോലെ തോന്നി. ഈ വഴിക്കെല്ലാം ഒരിക്കലും വന്നില്ലായിരുന്നെങ്കിൽ, ആരെങ്കിലും ഇതെല്ലാം വിവരിച്ചു പറഞ്ഞുകേട്ടാൽ വിശ്വസിക്കാൻ പ്രയാസമാണ്. തൂവെണ്ണിലാവൊഴുകുന്ന വനമദ്ധ്യത്തിൽ കൂടി നടക്കുമ്പോൾ ഇതൊരു പ്രത്യേകതരം ജീവിതമല്ലേ എന്നു ഞാൻ വിചാരിച്ചു.

എല്ലാവർക്കുമല്ല, മുറിയുടെ നാലു ചുവരുകൾക്കുള്ളിൽ മാത്രം ജീവിക്കാനിഷ്ടപ്പെടാത്തവർക്കും കുടുംബജീവിതമെന്നത് രക്തത്തിലില്ലാത്തവർക്കും ഉള്ളതാണിത്.

രാത്രിയിൽ ഒറ്റക്ക് സഞ്ചരിക്കാൻ ഇഷ്ടപ്പെടുന്നവർക്ക്, ഒരുവിധ നിയന്ത്രണങ്ങൾക്കും വശംവദരാകാത്തവർക്ക് ഈ തരത്തിലുള്ള ജീവിതം കാമ്യമാണ്. കൽക്കത്തയിൽ നിന്നു വന്ന ഉടനെ ഈ ഭീകരമായ വിജനതയും ഒറ്റപ്പെട്ട വിധത്തിലുള്ള ഏകാന്തതയും വന്യജീവിതയാത്രയും അത്യന്തം അസഹ്യമായി തോന്നിയിരുന്നു. എന്നാൽ ഇപ്പോൾ ഇതാണ് ഏറ്റവും സുഖകരമെന്ന് തോന്നുന്നു. ഈ രൂക്ഷവും പരുഷവുമായ വനങ്ങളുടെ പ്രകൃതി എനിക്ക് സ്വാതന്ത്ര്യത്തിന്റെയും സ്വാശ്രയത്തിന്റെയും മന്ത്രം ഉപദേശിച്ചു തന്നു. നഗരത്തിലെ കൂട്ടിലെ ജീവിതം എനിക്കിനി സാദ്ധ്യമല്ല. ഈ പഥവിഹീനമായ പാറക്കെട്ടുകളും ശാലപലാശവൃക്ഷങ്ങൾ നിറഞ്ഞതുമായ വനത്തിൽ തുറന്ന ആകാശത്തിനു കീഴിൽ ഇത്ര നല്ല വെണ്ണിലാവിൽ കൂടി കുതിര ഓടിച്ചു പോകുന്ന ഈ ആനന്ദം ലോകത്തിന്റെ സകല സമ്പത്തു തന്നാലും ഞാൻ കൈമാറുകയില്ല.

നിലാവ് തെളിഞ്ഞപ്പോൾ നക്ഷത്രങ്ങൾ മിക്കവാറും അദൃശ്യമായി. ചുറ്റും കണ്ണോടിച്ചു നോക്കിയപ്പോൾ ഇത് ഞാനിത്ര നാളും കണ്ട ലോകമല്ല, ഇതൊരു സ്വപ്നഭൂമിയാണ്. ചക്രവാളം വരെ വ്യാപിച്ചു കിടക്കുന്ന ഈ നിലാവിൽ, ഈ ഗംഭീരരാത്രിയിൽ അലൗകികജീവികൾ ഇവിടേക്ക് ഇറങ്ങി വരുന്നു. അവ തപസ്യയുടെ, സ്വപ്നത്തിന്റെ, കൽപനകളുടെ, വിഷയവസ്തുക്കളാണ്. വനപുഷ്പങ്ങളെ സ്നേഹിക്കാത്തവർ, സുന്ദരമായതിനെ തിരിച്ചറിയാൻ കഴിയാത്തവർ, ദിഗ്‌വലയം ഒരിക്കലും കൈമാടി വിളിക്കാത്തവർ– അവർക്കൊന്നും ഈ പൃഥ്വി ഒരുകാലത്തും പിടികൊടുക്കുകയില്ല."

രാജീവ് വായിച്ച് നിർത്തിയപ്പോഴേക്കും, വനമദ്ധ്യത്തിലിരുന്ന് ഇഷ്ടഗ്രന്ഥങ്ങൾ ഉറക്കെ വായിക്കുന്നതിൽ ഭ്രാന്തമായ ആവേശം കാണിക്കുന്ന ഗിരീഷ് കസാൻദ് സാക്കീസിന്റെ 'സെയ്ന്റ് ഫ്രാൻസിസ്' കൈയിലെടുത്തു.

"ഒരു രാത്രിയിൽ അസീസി നഗരവീഥികളിലൂടെ അലയുകയായിരുന്നു ഫ്രാൻസിസ്. പൂർണചന്ദ്രൻ ആകാശമദ്ധ്യത്തിൽ തൂങ്ങിനിൽക്കുന്നത് പോലെ. ഭൂമിയാകെ വായുവിൽ പൊങ്ങിയൊഴുകുന്നു. അദ്ദേഹം നോക്കി. വീട്ടുവാതിൽക്കൽ വന്നു നിന്ന് ആ മഹാത്ഭുതം ആസ്വദിക്കുന്ന ആരെയും കാണാഞ്ഞ് അദ്ദേഹം പള്ളിയിലേക്ക് ഓടി. മണിമാളികയിൽ കയറി ഏതോ അത്യാഹിതം സംഭവിച്ചാലെന്നോണം മണിയടിക്കാൻ തുടങ്ങി. ഞെട്ടിയുണർന്ന ജനങ്ങൾ എവിടെയോ തീ പിടിച്ചെന്ന് കരുതി പേടിച്ച് ശരിക്ക് വസ്ത്രം ധരിക്കാൻ പോലും മറന്ന് സാൻ റൂഫിനോ പള്ളിമുറ്റത്ത് പാഞ്ഞെത്തി. അപ്പോൾ അവർ കണ്ടത് ഫ്രാൻസിസ് ആവേശത്തോടെ മണിയടിച്ചുകൊണ്ട് നിൽക്കുന്നതാണ്.
"എന്തിനാ മണിയടിക്കുന്നത്? എന്തു പറ്റി?" അവർ ആക്രോശിച്ചു.
"സഹോദരന്മാരേ, കണ്ണു തുറന്ന് മുകളിലേക്ക് ചന്ദ്രന്റെ നേരെ ഒന്നു നോക്കൂ." ഫ്രാൻസിസ് മണിമാളികയിൽ നിന്ന് വിളിച്ചു പറഞ്ഞു."

രണ്ടുപേരുടെ കൈയിൽ നിന്നും ബലമായിത്തന്നെ പുസ്തകങ്ങൾ വാങ്ങി സഞ്ചിയിൽ വെച്ചു. അത് ചെയ്തില്ലെങ്കിൽ രണ്ടു ലഹരിയും ഒന്നിച്ചു ചേർന്ന്– സാഹിത്യവും പ്രകൃതിയും– അവർ പിടിച്ചാൽ കിട്ടാത്ത മാതിരി കാടു കയറിപ്പോകും.

കൈ എത്തിച്ചാൽ തൊടാം എന്ന മട്ടിലാണ് ചന്ദ്രൻ ആകാശത്ത് ഉദിച്ചു നിൽക്കുന്നത്. അടുത്ത കുന്നുകൂടി കയറിയാൽ ഉറപ്പായിട്ടും തൊടാം എന്നു

തോന്നും. ആ പ്രഭയിൽ കുളിച്ച് കടലിലെ അലകൾ പോലെ നോക്കെത്താദൂരത്തോളം ചുറ്റിലും ഇടതൂർന്ന വനം ഉൾപ്പെടുന്ന മലമടക്കുകൾ. താഴെ ഇരുട്ടു പിടിച്ച താഴ്‌വരകൾ. മുകളിൽ വെള്ളിവെളിച്ചത്തിൽ എല്ലാം തുറന്നു കാണിച്ച് പർവതശിഖരങ്ങൾ. അതിനിടയിലുള്ള ഒറ്റയടിപ്പാതയിലൂടെ കൊടുംരാത്രിയിൽ വരിവരിയായി ഞങ്ങൾ നാലു പേർ. ഭൂമിയുടെ വക്കത്തു കൂടിയാണ് നടക്കുന്നതെന്നു തോന്നി. കാലു തെറ്റിയാൽ ചെന്നു വീഴുക ഭൂമിയിൽ നിന്നും പുറത്തേക്ക്! ഞങ്ങൾ ഭൂമിയിൽ തന്നെയോ അതോ ആകാശ വീഥികളിലോ എന്ന് സംശയിച്ച നിമിഷങ്ങൾ.

കുടജാദ്രിയിലെ ക്ഷേത്രപരിസരത്തെത്തുമ്പോൾ സമയം രാത്രി പതിനൊന്നു കഴിഞ്ഞിരുന്നു. ഒരു രാത്രി കുടജാദ്രിയുടെ ഉച്ചിയിലുള്ള ശങ്കരപീഠത്തിൽ ചെലവഴിക്കുക എന്നതായിരുന്നു യാത്രയുടെ ലക്ഷ്യം. അങ്ങോട്ടുള്ള നടത്തത്തിനിടയിൽ ശക്തിയായി കോടമഞ്ഞ് പെയ്യാൻ തുടങ്ങി. പുറകേ അതിശക്തമായ കാറ്റും. തൊട്ടടുത്ത് നിൽക്കുന്ന ആളെപ്പോലും കാണാൻ കഴിയാത്ത തരത്തിലാണ് കോട പെയ്യുന്നത്. ഡിസംബറിലെ കൊടും തണുപ്പ്. കാറ്റും സഹിക്കാനാകാത്ത തണുപ്പും കാരണം തിരികെ നടന്ന് ക്ഷേത്രപരിസരത്ത് തന്നെ കിടന്നാലോ എന്നാലോചിച്ചതാണ്. ശങ്കരപീഠത്തിലെത്തുന്നതിനേക്കാൾ കൂടുതൽ വഴി താഴേക്ക് ഉണ്ടെന്നതിനാൽ ഞങ്ങൾ മുകളിലേക്കു തന്നെ നടന്നു. ഏകദേശം പന്ത്രണ്ടു മണിയോടെ ശങ്കരപീഠത്തിലെത്തി. ആകാശത്തെ തൊട്ടു നിൽക്കുന്ന കൊടുമുടിയുടെ തുഞ്ചത്ത് ആ പാതിരാത്രി കണ്ട കാഴ്ച ഞങ്ങളെ സ്തബ്ധരാക്കി. ശങ്കരപീഠത്തിനു മുന്നിൽ അമ്പതു മീറ്റർ അകലെ വിശാലമായ പാറപ്പുറത്ത് ആജാനുബാഹുവായ ഒരാൾ പത്മാസനത്തിലിരിക്കുന്നു. പ്രചണ്ഡമായ കാറ്റും അസഹ്യമായ തണുപ്പും അകാരണമായ ഭയവും നിറഞ്ഞ ആ അർദ്ധരാത്രിയിൽ ഒരു കൊടുമുടിയുടെ തുഞ്ചത്ത് ഏകാകിയായി ഒരാൾ! ഞങ്ങൾ അതൊട്ടും പ്രതീക്ഷിച്ചില്ല. അയാളുടെ മുന്നിൽ വലിയ തീക്കുണ്ഡം ആളിക്കത്തുന്നു. ഇടക്കിടെ അതിൽനിന്നും തീപ്പൊരികൾ ചിതറുന്നു. ശക്തമായ കാറ്റിൽ പെട്ട് ഉലഞ്ഞാടുന്ന വൃക്ഷത്തലപ്പുകൾ. ഞങ്ങൾ ഒരു ഭാഗത്തേക്ക് മാറി ഒതുങ്ങി നിന്നു. കോട കാരണം കാഴ്ച ഒട്ടും വ്യക്തമല്ല.

"അയാളുടെ മടിയിൽ ഒരു സ്ത്രീ കിടക്കുന്നുണ്ട്!"

കൂടെയുള്ള ഗീരീഷ് മന്ത്രിക്കുന്നതുപോലെ പറഞ്ഞു. അതുകൂടി കേട്ടതോടെ എല്ലാവരും പരിഭ്രാന്തിയിലായി.

ശങ്കരപീഠത്തിന്റെ വരാന്തയിലിരിക്കാം എന്നു കരുതി ഞങ്ങൾ അങ്ങോട്ടു നടന്നു. നീളത്തിലുള്ള കരിങ്കല്ലു കൊണ്ടു പണിതീർത്ത ഒരു ചെറിയ മണ്ഡപമാണ് ശങ്കരപീഠം. ചെറിയൊരു ഒറ്റമുറിയും വരാന്തയും. അകത്ത് ശ്രീശങ്കരന്റെ ഒരു പ്രതിമയുണ്ട്. അതിനു മുന്നിൽ ഒറ്റത്തിരിയിട്ട വിളക്ക് കത്തുന്നു. വരാന്തയിൽ കയറാൻ വേണ്ടി കാലെടുത്തു വെച്ച രാജീവ് ഷോക്കേറ്റ പോലെ പിന്നോട്ടു വന്നു.

"അതിനുള്ളിൽ ഒരാൾ!"

ഞങ്ങൾ നോക്കുമ്പോൾ കാവിയിൽ പൊതിഞ്ഞ ഒരു രൂപം അതിനുള്ളിൽ ചമ്രം പടിഞ്ഞിരിക്കുന്നു. നിശ്ശബ്ദത – അതിന്റെ മുഴുവൻ അർത്ഥത്തിലും മനസിലാകണമെങ്കിൽ കുടജാദ്രിയിൽ തന്നെ വരണം എന്ന് മുൻ യാത്രകളിൽ നിന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. നിശ്ശബ്ദത തേടി കാറ്റും മഞ്ഞും തണുപ്പും കൂസാതെ ധ്യാനത്തിൽ മുഴുകാൻ എത്തിയിരിക്കുന്ന ഏതോ മഹാതപസ്വിയായിരിക്കും അദ്ദേഹം. ഞങ്ങളിൽ നിന്ന് അദ്ദേഹത്തിന് എന്തെങ്കിലും അലോസരം ഉണ്ടാകരുതെന്ന് എല്ലാവരും ചേർന്ന് ധാരണയിലെത്തി.

കടുത്ത ക്ഷീണവും തണുപ്പും വിശപ്പും കാരണം ഞങ്ങൾക്ക് ആ വരാന്തയിൽ കയറിയിരുന്നാൽ കൊള്ളാമെന്നുണ്ട്. പക്ഷേ, അകത്തിരിക്കുന്നയാൾക്ക് ബുദ്ധിമുട്ട് ഉണ്ടാകരുതെന്നു കരുതി പുറത്തു തന്നെ നിന്നു. ഇതിനിടയിൽ അകത്തേക്ക് പാളി നോക്കിയ ഗിരീഷ് പറഞ്ഞു.

"അദ്ദേഹം ഇരുന്ന് ഉറങ്ങുകയാണ്!"

ഞങ്ങൾ നോക്കുമ്പോൾ സംഗതി ശരിയാണ്. അയാൾ തല തോളിലേക്കിട്ട് വായ തുറന്ന് കൂർക്കം വലിച്ച് സുഖമായി ഉറങ്ങുകയാണ്. അന്തരീക്ഷത്തിനോടേറ്റു മുട്ടി തളർന്ന് ധ്യാനത്തിനിടയിൽ എവിടെയോ വെച്ച് ഉറക്കത്തിലേക്ക് വഴുതി വീണതായിരിക്കാം. ഞങ്ങളെല്ലാവരും ധൈര്യത്തോടെ വരാന്തയിൽ കയറിയിരുന്നു. അപ്പോഴാണ് പാറപ്പുറത്ത് ഇരുന്നയാൾ രണ്ടു കൈകളും ക്രിസ്തുവിനെപ്പോലെ വിടർത്തിപ്പിടിച്ച്, നെറ്റിയിൽ ഘടിപ്പിച്ച നായാട്ടുകാരുടേതു പോലുള്ള ഹെഡ്‌ലൈറ്റ് പ്രകാശിപ്പിച്ച് ശങ്കരപീഠത്തിനകത്തേക്ക് വന്നത്. വിടർത്തിപ്പിടിച്ച രണ്ടു കൈകളിലും മൺചെരാതിൽ ഓരോ തിരി കത്തിച്ചു വെച്ചിട്ടുണ്ടായിരുന്നു. ഏതോ ആഭിചാരക്രിയ ചെയ്യുന്ന ദുർമന്ത്രവാദിയെപ്പോലുണ്ടായിരുന്നു അയാൾ. ഞങ്ങൾക്കിടയിലൂടെ അയാൾ അകത്തേക്കു കടന്നു പോയി. അയാൾ ഒറ്റക്കേ ഉണ്ടായിരുന്നുള്ളൂ. കോടയുടെ മായക്കാഴ്ചയിൽ ഗിരീഷിന് തോന്നിയതായിരുന്നു അയാളുടെ മടിയിൽ ഒരു സ്ത്രീ കിടക്കുന്നുണ്ടെന്ന്. അതോ അത്തരമൊരന്തരീക്ഷം ഗിരീഷിന്റെ മനസിൽ നെയ്തെടുത്ത സങ്കൽപമോ? എല്ലാം മായയെന്നു പറഞ്ഞ ശങ്കരന്റെ സന്നിധിയിൽ തന്നെ ഇതെല്ലാം അനുഭവിക്കാനായി.

കോടയും ശീതക്കാറ്റും പൂർണ്ണനിലാവും കൂടിക്കുഴഞ്ഞ അന്തരീക്ഷം. കൊടുമുടിയുടെ താഴെയുള്ള അഗാധമായ ഗർത്തങ്ങളിൽ നിന്ന് കലി തുള്ളി ചുറ്റിയടിക്കുന്ന കാറ്റിന്റെ സീൽക്കാരം. ആയിരം സർപ്പങ്ങൾ ഒരുമിച്ചു ചീറ്റുന്നതുപോലെയുണ്ടായിരുന്നു അത്. ഒരു തരം തണുത്ത ഭയം ഞങ്ങളെ ആകെ പൊതിഞ്ഞു നിന്നു. പ്രകൃതിയുടെ നിഗൂഢതയെക്കുറിച്ച് ഓർക്കുമ്പോൾത്തന്നെ ഏകാകികളായ ആ രണ്ടു മനുഷ്യരും മനസിലേക്ക് വന്നു. മനുഷ്യപ്രകൃതിയും പ്രകൃതിയെപ്പോലെത്തന്നെ നിഗൂഢമാണ്.

ഭീകരമെന്നോ, സുന്ദരമെന്നോ വിശേഷിപ്പിക്കേണ്ടതെന്നറിയാത്ത ഒരു രാത്രിക്കാണ് ഞങ്ങൾ സാക്ഷ്യം വഹിച്ചത്. പാതിരാത്രി കഴിഞ്ഞതോടെ കാറ്റ് കൂടുതൽ ശബ്ദത്തോടെ ആഞ്ഞു വീശാൻ തുടങ്ങി. തണുപ്പ് സഹിക്കാനാകാതെ മലമ്പനി ബാധിച്ചവരെപ്പോലെ എല്ലാവരും വിറച്ചു കൊണ്ടിരുന്നു. എല്ലാവരും പരസ്പരം കെട്ടിപ്പിടിച്ച് തണുപ്പിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിച്ചു. അതിനിടയിൽ കൺമുന്നിൽ പല രൂപങ്ങളും പ്രത്യക്ഷപ്പെട്ടു. 'ആയിരക്കണക്കിന് വെളുത്ത കുതിരകൾ പോകുന്നു.' ഒരാൾ പുറത്തേക്ക് നോക്കി പിറുപിറുത്തു. കോടമഞ്ഞും നിലാവും കൂടിക്കുഴഞ്ഞ് അന്തരീക്ഷത്തിൽ പല പല രൂപങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. തിരശീല മാറ്റുന്നപോലെ നിമിഷങ്ങൾക്കകം കാറ്റു വന്ന് അതൊക്കെ മായ്ച്ചു കളയും. അപ്പോൾ അവിടെയുള്ള മരങ്ങളും ചെടികളും ദൃഷ്ടിഗോചരമാകും. ഉടൻ തന്നെ കോടയിൽ അതും അപ്രത്യക്ഷമാകും. 'യുദ്ധത്തിൽ കൊല്ലപ്പെട്ടവരു

ടെ ആയിരക്കണക്കിന് വിധവകൾ കൂട്ടത്തോടെ പലായനം ചെയ്യുന്നു', 'അല്ല, അവിടെ യുദ്ധം തന്നെ നടക്കുകയാണ്', 'യുദ്ധഭൂമിയിൽ നിന്നുയരുന്ന പൊടിപടലമാണിത്' ഓരോരുത്തരും അവരവർക്ക് കാണാൻ കഴിഞ്ഞത് വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. രാത്രിയുടെ വേദിയിൽ പ്രകൃതി ഒരുക്കിയ മഹാനാടകം പുലരുന്നതു വരെ അരങ്ങേറി. തണുത്തു വിറച്ചും ചിലപ്പോൾ ഭയന്നും ഞെട്ടിത്തെറിച്ചും ഞങ്ങൾ നാലുപേരും ശങ്കരപീഠത്തിന്റെ വരാന്തയിൽ നിരന്നിരുന്ന് പ്രകൃതിയുടെ രൗദ്രഭാവങ്ങൾക്ക് സാക്ഷികളായി. അപ്പോഴൊക്കെ അകത്തു നിന്നും രണ്ടു കൂർക്കം വലികളുടെ ശബ്ദം കേൾക്കുന്നുണ്ടായിരുന്നു. ഒന്ന് ഇരുന്നും, ഒന്ന് കിടന്നും.

രാത്രിയിലെ എല്ലാ ഭാവവൈചിത്ര്യങ്ങളേയും നിഷ്ക്കരുണം തുടച്ചു നീക്കിക്കൊണ്ട് സൂര്യോദയം എത്തി. ചന്ദ്രക്കല തിരിച്ചിട്ടതു പോലെ കിഴക്ക് 'റ'കാരത്തിന്റെ രക്തരേഖയായിട്ടാണ് സൂര്യൻ ആദ്യം പ്രത്യക്ഷപ്പെട്ടത്. ആകാശത്തിന്റെ മാറിൽ ആരോ ഏൽപിച്ച നഖക്ഷതം പോലെയുണ്ടായിരുന്നു അത്. ക്രമേണ ചോര കിനിഞ്ഞിറങ്ങി അതൊരു രക്തഗോളമായി. പിന്നീട് എത്രയോ ഇരട്ടി വെള്ളി ഉരുക്കിയൊഴിച്ചിട്ടാണ് അതിനെയൊന്ന് താളിച്ചെടുത്തത്!

രാത്രിയിൽ അഴിഞ്ഞാടുകയായിരുന്ന പ്രകൃതിയുടെ പ്രചണ്ഡഭാവങ്ങൾ ഉദയം തുടങ്ങിയതോടെ പൂർണമായും കെട്ടടങ്ങി. അതിസുന്ദരമായ കാഴ്ചയായിരുന്നു അത്. തലേന്ന് നടന്ന നാടകത്തിന്റെ ശുഭകരമായ ക്ലൈമാക്സ്. അതിശക്തമായി തലേന്ന് വീശിയിരുന്ന കാറ്റ് ഉദയത്തിന്റെ സമയത്ത് അതിസൗമ്യമായി മാറി. 'കൊടുങ്കാറ്റിലല്ല, ഈശ്വരന്റെ ശക്തിയിരിക്കുന്നത് മന്ദമാരുതനിലാണ്' എന്ന ടാഗോറിന്റെ വരികൾ വായിച്ച് മനസിലാക്കിയിട്ടെന്ന പോലെ. സൂര്യപ്രകാശത്തിൽ പ്രകൃതി അതിന്റെ നിഗൂഢതകൾ ഒന്നൊന്നായി മറ നീക്കിക്കാണിക്കാൻ തുടങ്ങി. കണ്ണിനും മനസിനും ഉൾക്കൊള്ളാൻ കഴിയുന്നതിനുമപ്പുറമായിരുന്നു അതിന് ചുറ്റുമുള്ള നിബിഢവനങ്ങളുടെ ഗാംഭീര്യവും മനോഹാരിതയും.

നേരെ തിരിച്ചായിരുന്നു നമ്മുടെ തപോധനന്മാരുടെ അവസ്ഥ. മനുഷ്യപ്രകൃതിയുടെ നിഗൂഢത എന്നു കരുതിയിരുന്നത് സൂര്യവെളിച്ചത്തിൽ വെറും കരിക്കട്ടയായി മാറി. നേരം പുലർന്നപ്പോൾ അകത്തുറങ്ങിയിരുന്ന രണ്ടു പേരും പുറത്തു വന്നു. രണ്ടു പേരുമായും ഞങ്ങൾ സംസാരിച്ചു. അകത്തിരുന്ന കാഷായവസ്ത്രധാരി തമിഴ്നാട്ടിൽ നിന്നാണ്. ഗസറ്റഡ് റാങ്കിലുള്ള ഉദ്യോഗസ്ഥനാണ്. ശ്രീ ശങ്കരൻ എണ്ണൂറു കൊല്ലം മുമ്പ് ശൃംഗേരിയിൽ നിന്ന് വനത്തിലൂടെ നടന്ന് കുടജാദ്രിയിലെത്തിയ കാര്യം രാജീവ് പറഞ്ഞപ്പോൾ അയാൾ തിരുത്തി. 'ശങ്കരൻ നടന്നല്ല വന്നത്. ശങ്കരന് ചിറകുകളുണ്ടായിരുന്നു. പറന്നിട്ടാണ് അദ്ദേഹം ഇവിടെയെത്തിയത്. ഇന്ത്യയുടെ നാലു ഭാഗങ്ങളിലും മഠം സ്ഥാപിച്ചത് പറക്കാൻ കഴിവുണ്ടായിരുന്നതു കൊണ്ടാണ്.' തനിക്കും കുടുംബത്തിനും ഐശ്വര്യം കിട്ടുന്നതിനാണ് അയാൾ അവിടെ വന്നിട്ടുള്ളത്. തീക്കുണ്ഡം കൂട്ടിയ ആൾ അവിടെ ഹോമം നടത്തുകയായിരുന്നത്രേ. ആശാന് മോക്ഷമാണ് വേണ്ടത്. അല്ലെങ്കിൽ അടുത്ത ജന്മത്തിലെ ക്ഷേമമായാലും മതി. കുടജാദ്രിയിലുള്ള 'ചിത്രമൂല'യിൽ മുപ്പത്തിയാറടി നീളമുള്ള ദേവനാഗം ഉണ്ട്, അത് നമ്മുടെ മടിയിലൂടെയും കഴുത്തിലൂടെയും ഇഴഞ്ഞ് നടക്കും എന്നൊക്കെയുള്ള കഥകളാണ് അയാൾക്ക് പറയാനുള്ളത്. രണ്ടു പേരും 'കാര്യസിദ്ധിപൂജ'ക്കാരാണ്. അഭീഷ്ടവരദായിനിയായ ദേവിയെ ഉപാസിച്ച് പ്രത്യക്ഷപ്പെടുത്തി സ്വന്തം കാര്യങ്ങൾ ഭംഗിയാക്കുകയാണ് രണ്ടു പേരുടെയും ലക്ഷ്യം. ഏകാന്തതയിൽ ഒറ്റക്കിരുന്ന് കഠിന ഉപാസന നടത്തിയാലേ കാര്യം നടക്കൂ എന്നാണ് രണ്ടു പേരും കരുതുന്നത്. ഒറ്റക്ക് ആ രാത്രിയിൽ ഇരിക്കാൻ കഴിയാത്തതിൽ രണ്ടു പേർക്കും പരസ്പരം ഈർഷ്യയുണ്ട്. തന്റെ തപസിന് മറ്റേയാൾ തടസം നിന്നു എന്ന മട്ടിൽ അവർ പരസ്പരം പല്ലിറുമ്മുന്നുണ്ട്. ദേവിയെ പാട്ടിലാക്കി കൊണ്ടുപോകാൻ വന്നവരല്ല ഞങ്ങൾ എന്ന് മനസിലായതോടെ രണ്ടു പേർക്കും ഞങ്ങളോട് വിരോധമില്ലാതായി.

ഞങ്ങൾ കാടുകളിൽ യാത്ര ചെയ്യുന്നവരാണെന്ന് വർത്തമാനത്തിൽ നിന്ന് മനസിലായപ്പോൾ ഹോമം നടത്തിയയാൾ പറഞ്ഞു: "പ്രകൃതിയുടെ ഏറ്റവും ഭീകരമായ സ്ഥലങ്ങൾ ഉണ്ടെങ്കിൽ എന്നോടു പറഞ്ഞു തരൂ. എനിക്കവിടെ പോയി ഹോമം നടത്തണം. എങ്കിലേ പെട്ടെന്ന് ഗുണം ലഭിക്കൂ."

ഇത്തരക്കാർ എവിടെയും സുലഭമായുണ്ട്. അത്ഭുതപ്രവൃത്തികളിലും അഭൗമപരിവേഷങ്ങളിലും അന്ധമായ ആചാരനിഷ്ഠകളിലുമാണ് അവർക്കു താൽപര്യം. വേദാന്തി, തത്വജ്ഞാനി, കവി, ഭാഷാപണ്ഡിതൻ, സഞ്ചാരി, വ്യാഖ്യാതാവ്, സംന്യാസി എന്നീ നിലകളിലുള്ള ശങ്കരനെ അവർക്കൊട്ടും താൽപര്യമില്ല. ശങ്കരൻ ദേവിയെ തപസ്സു ചെയ്ത് പ്രത്യക്ഷപ്പെടുത്തി തന്റെ പിറകേ നടത്തിച്ച തരത്തിലുള്ള ഐതിഹ്യങ്ങളിലാണ് അവർക്ക് കമ്പം. ഒരു ദരിദ്രബ്രാഹ്മണന്റെ വീട്ടിൽ വെച്ച്, സമ്പത്തിന്റെ ദേവതയായ മഹാലക്ഷ്മിയെ പ്രകീർത്തിച്ചുകൊണ്ട് ശങ്കരൻ ശ്ലോകം ചൊല്ലിയപ്പോൾ അവിടെ സ്വർണനെല്ലിക്കകൾ മഴയായ് പെയ്തു എന്ന കഥ അവർക്കറിയാം. അവിടെ ചൊല്ലിയ 'കനകധാരാസ്തവം' എന്ന ശങ്കരന്റെ മഹാലക്ഷ്മീസ്തുതിയാണ് അവർക്ക് താൽപര്യമുള്ള ഏക രചന. ഒരു രാത്രിയെങ്കിൽ ഒരു രാത്രി, പ്രകൃതിയുടെ മഹാനടനം കാണാനായതിന്റെ ചാരിതാർത്ഥ്യത്തോടെ ഉച്ചക്കു മുമ്പു തന്നെ ഞങ്ങൾ കുടജാദ്രിയിൽ നിന്നും ഇറങ്ങി. സൂര്യപ്രകാശത്തിൽ ജ്വലിച്ചു നിൽക്കുന്ന പുൽമേട്ടിലേക്ക്. നിഗൂഢതയുടെ മേൽ ഏതു വെളിച്ചം വീണാലും കരിക്കട്ടയാകാത്ത മനുഷ്യരെ എവിടെയെങ്കിലും എന്നെങ്കിലും കാണാനാകുമെന്ന പ്രതീക്ഷയോടെ.

**രാത്രിയിൽ അഴിഞ്ഞാടുകയായിരുന്ന പ്രകൃതിയുടെ പ്രചണ്ഡ ഭാവങ്ങൾ ഉദയം തുടങ്ങിയതോടെ പൂർണമായും കെട്ടടങ്ങി. തലേന്ന് നടന്ന നാടകത്തിന്റെ ശുഭകരമായ ക്ലൈമാക്സ്. അതിശക്തമായി തലേന്ന് വീശിയിരുന്ന കാറ്റ് ഉദയത്തിന്റെ സമയത്ത് അതിസൗമ്യമായി മാറി. 'കൊടുങ്കാറ്റിലല്ല, ഈശ്വരന്റെ ശക്തിയിരിക്കുന്നത് മന്ദമാരുതനിലാണ്' എന്ന ടാഗോറിന്റെ വരികൾ വായിച്ച് മനസിലാക്കിയിട്ടെന്ന പോലെ**